Answer

(a) Government have been amending the rules from time to time as and when considered necessary. Recently Government have decided that in respect of Government Servants dying in harness after 1-7-1983 there will be no income limit of the family of the applicant for eligibility for employment assistance under the scheme.

(b) Government consider that the minimum service prescribed now is reasonable and should stand.

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനുള്ള വരുമാനപരിധി

417. [528] ശ്രീ. പി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന ഗവൺമെന്റ് ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥകളിൽ കുടുംബത്തിന്റെ വാർഷിക വരുമാനം എത്രരൂപയിൽ കവിയരുതെന്നാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ബി) വാർഷിക വരുമാനം എത്രയാണെങ്കിലും സർവ്വീസിലിരിക്കെ മരണമടയുന്ന ഗവൺമെന്റ് ജീവനക്കാരുടെ ആശ്രിതരിൽ ഒരാൾക്ക് ജോലി നൽകിയിരിക്കണമെന്ന നയം സ്വീകരിക്കുവാൻ നടപടിസ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) 1-1-1982-ന് മുൻപ് മരണമടഞ്ഞിട്ടുള്ള ജീവനക്കാരുടെ ആശ്രിതർക്ക് പദ്ധതി പ്രകാരം നിയമനാനുകൂല്യം ലഭിക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാനപരിധി 6000 രൂപയും 1-1-1982 മുതൽ 31-12-1984 വരെയുള്ള കാലയളവിൽ ഇത് 9000 രൂപയും 1-1-1985-ന് ശേഷം മരിച്ച ജീവനക്കാരുടെ ആശ്രിതരുടെ കാര്യത്തിൽ 12,000 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ ഈ വാർഷികവരുമാനപരിധി 18,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇപ്രകാരം ഉയർത്തിയ വരുമാനപരിധിയുടെ പ്രയോജനം 1-1-1986-നോ അതിനുശേഷമോ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കുമാത്രമേ ലഭിക്കുകയുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. വരുമാനപരിധി നോക്കാതെ തന്നെ 1-7-1983-നുശേഷം മരണമടഞ്ഞിട്ടുള്ള ജീവനക്കാരുടെ ആശ്രിതരിൽ ഒരാൾക്ക് പദ്ധതിപ്രകാരം ജോലി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഉത്തരവ് ഉടനടി പുറപ്പെടുവിക്കുന്നതാണ്.

പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കാത്തവർ

418. [529] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
,, പി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ 30 വരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റിൽ ഓരോ കാറ്റഗറിയിലും നിയമനം ലഭിക്കാതെ കാത്തു നിൽക്കുന്നവരെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലോ സ്ഥാപനങ്ങളിലോ താൽക്കാലികടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും പുറത്തുനിന്നു ജോലിക്കാരെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെങ്കിലും വിഭാഗത്തിൽ എത്ര പേരെ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ സംസ്ഥാന ആഫീസിലും ജില്ലാ ആഫീസുകളിലുമായി 9-7-1986-ൽ നിലവിലുണ്ടായിരുന്ന വിവിധ തസ്തികകൾക്കായുള്ള റാങ്കു ലിസ്റ്റുകളിൽ ആകെ 92101 ഉദ്യോഗാർത്ഥികൾ നിയമനം ലഭിക്കാതെ അവശേഷിക്കുന്നുണ്ടായിരുന്നു.

30-9-1986 വരെ നിയമനം ലഭിക്കാതെ അവശേഷിക്കുന്നവരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റ്

(P. S. C. Rank List)

419. [530] ശ്രീ. ജി. വരദൻ : കീഴ്കാണും വിലക്കുകൾക്കു മുതൽ മന്ത്രി തയ്യാറാകുന്നു വിടെ നൽകുവാരാ :

(എ) മാനിലത്തിൽ പല തുറകളിലും പൊതുത്തുറ സ്ഥാപനങ്ങളിലും ഉള്ള കാലിയായ പതവികളുക്കു തക്ക സമയത്തിൽ നിയമനം നടക്കാതിരുന്നു പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ റദ്ദാക്കപ്പെടുന്നു വിഷയം അറിഞ്ഞിട്ടുണ്ടോ ;

(ബി) പി. എസ്. സി.-യിൽ ഇപ്പോഴുള്ള പല പതവികളുക്കുമായി എത്രയും റാങ്ക് ലിസ്റ്റുകൾ നിലവിൽ ഉണ്ടെന്നു ?

Answer

(a) No. A Ranked list published by the Commission shall remain in force for a period of one ye r from the date on which it is brought into force and that list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years. Those lists from which not even one candidate has been advised for appointment during the maximum validity period of three years shall continue to be in force for one more year or till at least one candidate is advised from that list whichever is earlier. On the requisition of the appointing authorities candidates will be advised from these ranked lists for appointment.

(b) Information is being collected from the District Offices of the Public Service Commission.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന രീതിയിലെ

അപാകത

420. [531] ശ്രീ. കെ. മൂസ സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനങ്ങൾ നടത്തുന്ന കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇന്നത്തെ നിയമന രീതിയിൽ അപാകതകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly